**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1264</u>** **<u>06.03.2018 ൽ മറുപടിയ്ക്ക്</u>**

## <u>കേരഗ്രാമം പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി. ഉണ്ണി** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) തെങ്ങിന്റെയും തെങ്ങടിസ്ഥാനമായ വിളസമ്പ്രദായത്തിന്റേയും കേരകർഷകരുടേയും സമഗ്ര വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച നാളികേര കൃഷി സംരക്ഷണവും, അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് (മലയാള വർഷം) 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ കേരവർഷമായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേയ്ക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.<br><br>2017-18 വർഷം നാളികേര വികസന പദ്ധതികൾക്കായി 4500 ലക്ഷം രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്.<br><br>സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് |

2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു.

അത്യല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള പദ്ധതിയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ SCSP/ TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാനും, പ്രായാധിക്യവും രോഗം മൂലവും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി, പുതിയവ നടുന്നതിനും, ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കരിമ്പുഴ, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകളിലായി 2 കേരഗ്രാമങ്ങളാണ് 2017-18 വർഷം നടപ്പിലാക്കി വരുന്നത്.

സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ സവിശേഷമായ എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ; ഇതിലൂടെ കേരകർഷകർക്ക് എന്തെല്ലാം ഗുണഫലങ്ങൾ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സി) തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നല്കുക, ഇടവിളകൃഷി, രോഗബാധിതമായി ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ ഒരു കേര ഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കർഷകർക്ക് തെങ്ങു കയറ്റ

യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേര ഗ്രാമത്തിന് 60 എണ്ണം വരെ നല്കുന്നതിന് 1.2 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25000/- രൂപ നിരക്കിൽ ഒരു കേര ഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും, ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും, ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50000/- രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും, ബോധവത്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10000/- രൂപയും പൊതു ആവശ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തു തല കേര സമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെ ഒരു കേര ഗ്രാമത്തിലൂടെ 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളാണ് കേരകർഷകർക്കായി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

2017-18 വർഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അനുവദിച്ച 2 കേരഗ്രാമങ്ങളിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്.

**സെക്ഷൻ ഓഫീസർ**